● സച്ചിദാനന്ദൻ പുഴങ്കര

# മുത്തങ്ങ എന്ന പുല്ല്

ഉണങ്ങിക്കടിച്ച
ആദിവാസിയായ ഈ ഓർമ്മ
കടയോടെ പറിച്ചുവെച്ചിട്ട് കുറെ നാളായി-
ആയുർവ്വേദത്തിന്റെ ശൈശവപ്പച്ച,
ആട്ടിൻ പാലിൽ തിളപ്പിച്ചെടുക്കാവുന്ന ഒന്ന്.

പുള്ളിമാനിന്റെ കറുകയെന്ന് ശാന്തി
ആനയുടെ മുളങ്കാടെന്ന് മരുതി;
മാനുകൾ കറുക തിന്നില്ലെന്നും
മരുതിക്കു വട്ടാണെന്നും ഡോക്ടർ ബെന്നി ജോർജ്ജ്-
ഓരോ കോശത്തിലും അരിവാളുണ്ട്
നെൽക്കതിരില്ല
ചുറ്റികയുണ്ട്, നക്ഷത്രമില്ല-
എത്രയെത്ര മാരകായുധങ്ങൾ!
തീവ്രവാദികളുടെ പങ്ക്
തള്ളിക്കളയുന്നതെങ്ങനെ?
ഡോക്ടർ പഠനം തുടങ്ങിയതേയുള്ളൂ-
ഒരുപാടു പ്രതികൾ വേണ്ടിവരുമെന്നാണ്
അയാളുടെ പ്രതീക്ഷ.

ഫൂൾസ്മേറ്റ് എന്ന കവിതയിലെ
ചെസ്സുകളിക്കാരൻ വിമൽ
ഈ കളിയിൽ എല്ലാവരും തോൽക്കുമെന്ന്
ബലികൊടുത്ത
കാലാളിനെ ചൂണ്ടി കരയുന്നു-
അവന്റെ കുതിര
അറുപത്തിനാലു കളങ്ങളിലും
ആലപാഞ്ഞു നടക്കുകയാണ് - മണ്ടൻ

ബാഗ്ദാദ് തിരുടൻ എന്ന സിനിമയിലെ
മക്കൾ തിലകത്തെപ്പോലെ
ബാദുഷയും ദു:ഖിതനാണ്;
അതിനാൽ
അയാൾ വില്ലനാവാൻ ഇടയില്ല-
ഷൂട്ടിംഗ് തീരാത്ത പടത്തെപ്പറ്റി
മിണ്ടിപ്പോകരുതെന്ന് എത്സിയുടെ താക്കീത്,
അതനുസരിക്കാതെ നിവൃത്തിയില്ല
സ്വപ്നഘടന തകരാറിലാക്കാൻ വയ്യ.
സദ്ദാമാണിപ്പോൾ അവളുടെ നായകൻ
അടുക്കള പുകഞ്ഞേക്കും
മണ്ണെണ്ണ തീർന്നാൽ
ആർക്കാണ് നിലാവും എത്സിയുമുള്ളത്?

തങ്ങളുടെ നാട്ടിലെ തയ്യൽക്കാരൻ
കറുത്ത തുണിക്കഷണങ്ങൾ
വെട്ടിയൊരുക്കുകയാണിപ്പോൾ;
ഞാനും ഒരു മൊട്ടുസൂചി സംഘടിപ്പിച്ചു

എന്റെ കവിതകൾ
നിരാഹാര സത്യാഗ്രഹം തുടർന്നു
അതെ,
റിലേ തന്നെ ●

● നൂറനാട് മോഹൻ

# ആദിവാസിയോട് വേതാളം പറഞ്ഞത്

ആദിവാസി
കള്ളനെന്നും
കള്ളുകുടിയനെന്നും അവൻ!

ആദിവാസിയുടെ
മണ്ണുകൊള്ളാം
പെണ്ണുകൊള്ളാമെന്ന് അവൻ!

ആദിവാസി
കാട് ചുടും
ചന്ദനമരവും വെട്ടും
ആനേക്കൊന്ന്
കൊമ്പെടുക്കുമെന്നും അവൻ!

മരക്കൊമ്പിലിരുന്ന പക്ഷിയെ
കല്ലെറിഞ്ഞ കുട്ടിക്കുനേരെ
ഈറ്റപ്പുലിയായി
ചാടിവീഴുന്നു
ആദിവാസി വൃദ്ധൻ
"എൻ പച്ചിയെ കൊല്ലരുതേ"

ചന്ദനമരക്കട്ടിലിൽ
മലർന്നുകിടന്ന്
ഭിത്തിയെ അലങ്കരിക്കുന്ന
ആനക്കൊമ്പിലേക്കു നോക്കി
അവൻ വേതാളം കണക്കെ
ചിരിക്കുന്നു! ●

